നം.ഇ.എസ്.2/96800/2017/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 19/3/2019

# സർക്കുലർ

വിഷയം : 01.11.2017 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് – വിവരങ്ങൾ ശേഖരിക്കുന്നത് – സംബന്ധിച്ച്.

സൂചന: ഉത്തരവ് നം. ഇ.എസ്.2-96800/2017/ആ.വ.ഡ/തീ 11.01.2019.

സൂചന ഉത്തരവ്പ്രകാരം ആരോഗ്യവകുപ്പിലെ 01.09.2012 മുതൽ 31.10.2017 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ താൽകാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 01.11.2017 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം ലഭിച്ചവരെക്കൂടി ഉൾപ്പെടുത്തികൊണ്ട് ടി പട്ടിക പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ആയതിനാൽ 01.11.2017 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം ലഭിച്ച എല്ലാ ജീവനക്കാരും അവരുടെ സർവ്വീസ് വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രഫോർമയിൽ രേഖപ്പെടുത്തി സ്ഥാപന മേലധികാരിക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേലധികാരി സേവനപുസ്തകവുമായി ഒത്ത് നോക്കി ബോധ്യപ്പെട്ട് ജില്ലാ മെഡിക്കൽ ആഫീസിൽ എത്തിക്കേണ്ടതുമാണ്.

ടി പ്രഫോർമകൾ അതാത് ജില്ലാ മെഡിക്കൽ ആഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്റുമാർ സാക്ഷ്യപ്പെടുത്തി വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രഫോർമ 'ബി' എക്സൽ ടെംപ്ലേറ്റിൽ രേഖപ്പെടുത്തി essectiondhs@gmail.com ലേയ്ക്ക് 30.3.2019ന് മുൻപായി e-mail ചെയ്യേണ്ടതാണ്. ഹാർഡ് കോപ്പി (സി.ഡി. സഹിതം), പ്രഫോർമ ഇവ 30.3.2019ന് മുൻപായി ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

മേൽകാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച് സീനിയർ ക്ലാർക്കായി ഇപ്പോൾ ജില്ലയിൽ പ്രവർത്തിക്കുന്ന മുഴുവൻപേരും ഉൾപ്പെട്ടിട്ടുണ്ടെന്നും അവരുടെ ശരിയായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി